പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1148** **15-10-2026-ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. കെ. എം. അഷ്റഫ് ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** കിഫ്ബി ധനസഹായത്തോടെ റോഡ്സ് ആൻഡ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ കേരള (RBDCK) നിർമ്മാണ ഏജൻസിയായി മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന ഹോസങ്കടി, മഞ്ചേശ്വരം റെയിൽവേ മേൽപ്പാലങ്ങളുടെ നിർമാണ പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

**മറുപടി:** 1. മഞ്ചേശ്വരം റെയിൽവേ മേൽപ്പാലം:

13.02.2024 തീയതിയിൽ റെയിൽവേയിൽ നിന്നും ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് അംഗീകാരം ലഭിക്കുകയും അതിർത്തിക്കല്ലുകൾ സ്ഥാപിച്ച് എൽ.എ കിഫ്ബി തഹസിൽദാരുമായി സംയുക്ത പരിശോധന നടത്തുകയും ചെയ്യുകയുണ്ടായി. ലാന്റ് അക്വിസിഷന്റെ ഭാഗമായ സാമൂഹിക ആഘാത പഠനം നടത്തുന്നതിനായി എംപാനൽ ചെയ്ത ഏജൻസിയെ ബഹു. ജില്ലാ കലക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഭൂമി വിട്ടുനൽകുന്നവർക്കുള്ള നഷ്ടപരിഹാര വിതരണം പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ഉദ്ദേശം 15 മാസത്തിനുള്ളിൽ തുടങ്ങുവാൻ സാധിക്കുന്നതാണ്. നിലവിൽ ലാന്റ് അക്വിസിഷന്റെ ഭാഗമായുള്ള നടപടികൾ നടന്നു വരികയാണ് DPR പ്രകാരം 16.68 കോടി രൂപ എൽ.എ ക്കായി വകയിരുത്തിയിട്ടുണ്ട്.

2. ഹൊസങ്കടി റെയിൽവേ മേൽപ്പാലം

10.08.2026 തീയതിയിൽ റെയിൽവേയിൽ നിന്നും ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് അംഗീകാരം ലഭിക്കുകയുണ്ടായി. പുതുതായി നിർമ്മിച്ച ആറുവരി ദേശീയ പാതയുമായി ഒത്തുപോകുവാൻ ചെറിയ മാറ്റങ്ങൾ നിർദ്ദേശിച്ച് പുതുക്കിയ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് അംഗീകാരത്തിനായി റെയിൽവേക്ക് സമർപ്പിച്ചിട്ടുണ്ട്.

പുതുക്കിയ ജനറൽ അഴേഞ്ച്മെന്റ് ഡ്രോയിംഗിന് അംഗീകാരം ലഭിച്ചയുടനെ ലാന്റ്അക്വിസിഷൻ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ടിൽ 13.47 കോടി രൂപ ലാന്റ് അക്വിസിഷൻ വകയിരുത്തിയിട്ടുണ്ട്. പുതുക്കിയ ജി.എ.ഡി ക്ക് റെയിൽവേയിൽ നിന്നും അംഗീകാരം ലഭിച്ച്, ഭൂമി വിട്ടുനൽകുന്നവർക്കുള്ള നഷ്ടപരിഹാര വിതരണം പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തി ഉദ്ദേശം 18 മാസത്തിനകം തുടങ്ങുവാൻ സാധിക്കുന്നതാണ്.

**(ബി)** പ്രസ്തുത പദ്ധതികൾക്കായി ആവശ്യമുള്ള ഭൂമിയുടെ വിവര ശേഖരണവും സ്ഥലം ഏറ്റെടുക്കൽ നടപടികളും നിലവിൽ ഏത് ഘട്ടത്തിലാണ്; അതിനായി തുക വകയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഈ രണ്ട് റെയിൽവേ മേൽപ്പാലങ്ങളുടെയും അലൈൻമെന്റ് നിർണ്ണയത്തിനും റെയിൽവേയുടെ ജനറൽ അറേഞ്ച്മെന്റ് ഡ്രോയിംഗ് അംഗീകാരത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** ഭൂമി വിട്ടുനൽകുന്നവർക്കുള്ള നഷ്ടപരിഹാര വിതരണം പൂർത്തിയാക്കി നിർമാണ പ്രവൃത്തി എപ്പോൾ ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ; പദ്ധതി നിർവ്വഹണം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**